ഉത്തരം

(എ) വനിതാ ജനപ്രതിനിധികളുടെ കുടുംബാംഗങ്ങൾക്ക് കിലയിൽ പരിശീലനം നൽകണമെന്ന നിർദ്ദേശം സർക്കാരിന്റെ മുമ്പിൽ എത്തിയിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ-ഗ്രാമവികസന വകുപ്പുകളുടെ സംയോജനം

206(1964) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി സംയോജിപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ :

(ബി) ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ പുനർവിന്യാസം എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിൽ ലയിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 4-7-2000-ലെ സ.ഉ. (പി) നമ്പർ 187/00/തസ്വഭവ എന്ന ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേസസ്വയംഭരണ വകുപ്പിൽ പുനർവിന്യസിക്കുന്നത്.

എൽ.എസ്.ജി.ഡി. മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കാൻ നടപടി

207(1965) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൽ.എസ്.ജി.ഡി. മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ; ഇതിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എൽ.എസ്.ജി.ഡി. പൊതു സർവ്വീസ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും വിട്ടുകിട്ടിയ 564 തസ്തികകൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൃഷ്ടിച്ചുകൊണ്ട് 25-10-2008-ലെ ജി. ഒ (എംഎസ്.) നമ്പർ 283/08/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ജലസേചന വകുപ്പിൽ നിന്നും വിട്ടുകിട്ടേണ്ട 715 തസ്തികകൾ വിട്ടുകിട്ടുന്ന മുറയ്ക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് കേഡറിൽ സ്ഥിരമായ ഒരു മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്ന നടപടികൾ പൂർത്തീകരിക്കപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly